ലാബുകളും ആലുവായിൽ ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ഓരോ ജില്ലാതല ലാബിനോടും സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിനോടും ചേർന്ന് ഓരോ സബ് ഡിവിഷൻ ലാബുകളും താൽക്കാലികമായി പ്രവർത്തിച്ചുവരുന്നു.

(ബി) ഈ വർഷം പുതുതായി തൊടുപുഴയിലും കുട്ടനാട്ടിലും ഓരോ സബ് ഡിവിഷൻ ലാബുകൾ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് കേന്ദ്രമാക്കി സമീപ പ്രദേശങ്ങളിലെ ജലസ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന നടത്തി വാട്ടർ കാർഡ് നൽകുവാനായി ഒരു മൊബൈൽ ലാബ് സംവിധാനം വാട്ടർ അതോറിറ്റിയുടെ ധനസഹായത്തോടെ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

(ഇ) 19.15 ലക്ഷം രൂപ ചെലവിൽ ഒരു വാട്ടർ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ഇപ്പോഴുള്ള ലാബിനുവേണ്ടി പുതിയ കെട്ടിടങ്ങൾ പി.വി.സി. പൈപ്പ് ടെസ്റ്റിംഗ് ലാബ് എന്നിവയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി വരികയാണ്.

ജല ഗുണനിലവാര ലബോറട്ടറികൾ

139 (5029) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഡ്രിങ്കിംഗ് പ്രോഗ്രാം പ്രകാരം എല്ലാ ജില്ലകളിലും സബ്ഡിവിഷൻതലത്തിലുള്ള പുതിയ ജലഗുണനിലവാര ലബോറട്ടറികൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ശുദ്ധജല ഗുനിലവാരത്തെക്കുറിച്ച് ബോധവൽക്കരണത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) ആലുവയിൽ പ്രവർത്തനമാരംഭിച്ച സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അപ്ഗ്രഡേഷനു വേണ്ടിയുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ഡി) ഇവിടെ ജലഗുണ പരിശോധനയ്ക്ക് പുറമേ എന്തെല്ലാം പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത പ്രോഗ്രാം പ്രകാരം വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 14 ജില്ലാ ലാബുകളോടും ഒരു സംസ്ഥാനതല ലാബിനോടും അനുബന്ധമായി 15 സബ് ഡിവിഷണൽ ലാബുകൾ താൽക്കാലികമായി പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഈ പദ്ധതിക്കുവേണ്ടി സർക്കാർ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) ജലഗുണ പരിശോധനയ്ക്ക് പുറമേ മെറ്റീരിയൽ ടെസ്റ്റിംഗ് ലബോറട്ടറി, പി. വി.സി. പൈപ്പ് ടെസ്റ്റിംഗ് ലബോറട്ടറി, വാട്ടർ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറി എന്നിവ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

പ്രതിദിന ജലസംഭരണം

140 (5030) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജലഅതോറിറ്റി മുഖേന 2009-10-ൽ പ്രതിദിനം ശരാശരി എത്ര ലിറ്റർ ജലം സംഭരിച്ചുവെന്നും ആയതിലേക്ക് ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം സംഭരിച്ചതിൽ എത്ര അളവ് വെള്ളം ജലവിതരണ പൈപ്പിലൂടെ പ്രതിദിനം വിതരണം ചെയ്തു ;

(സി) ജലത്തിന്റെ സംഭരണ വിതരണത്തിലെ അന്തരം പ്രതിദിനം എത്ര ലിറ്ററാണ് ; ഇത് ആകെ സംഭരണത്തിന്റെ എത്ര ശതമാനമാണ് ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത അന്തരത്തിലൂടെ പ്രതിവർഷം എത്ര തുകയുടെ നഷ്ടമാണ് ജലഅതോറിറ്റിക്ക് ഉണ്ടാകുന്നത് ;

(ഇ) ജലത്തിന്റെ വിതരണ നഷ്ടത്തിന്റെ വ്യാപ്തി ലഘൂകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) 2009-10-ലെ കേരള ജലഅതോറിറ്റിയുടെ പ്രതിദിന ശരാശരി ജലസംഭരണം ഉദ്ദേശം 1714 ദശലക്ഷം ലിറ്ററാണെന്ന് കണക്കാക്കുന്നു. സംഭരണ വിതരണത്തിനായി 2009-10-ൽ ആകെ 494.77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ആകെ സംഭരിച്ച ജലത്തിൽ ഏകദേശം 1285 ദശലക്ഷം ലിറ്റർ ജലം പ്രതിദിനം വിതരണം ചെയ്തതായി കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly